II Calling Attention Under Rule 61

മി. സ്പീക്കർ: കണ്ണൂർ ടൗൺ മുസ്ലീംലീഗു സെക്രട്ടറിയായിരുന്ന ശ്രീ. ഇബ്രാഹിംകുഞ്ഞിയെ മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ടവരെന്നു പറയപ്പെടുന്ന ഒരു കൂട്ടം ആളുകൾ മർദ്ദിക്കുകയും അതിന്റെ ഫലമായി അദ്ദേഹത്തിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനെത്തുടർന്നുള്ള ഗുരുതരാവസ്ഥയെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു റൂൾ 61 അനുസരിച്ച് ശ്രീ. ഇ. അഹമ്മദ് നോട്ടീസു നൽകിയിട്ടുണ്ട്.

കോട്ടയം താലൂക്കിൽ ഏറ്റുമാനൂർ പോലീസു സ്റ്റേഷൻ അതിർത്തിയിൽ 'അതിരമ്പുഴ പൗരസമിതി' എന്ന പേരിൽ ഒരു സംഘം ആളുകൾ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഭീകരവാഴ്ച നടത്തിവരുന്നുവെങ്കിലും പോലീസു വേണ്ട നടപടികൾ സ്വീകരിക്കാതിരുന്നതുമൂലം അവിടെ സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥയെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ശ്രീ. എം. എം. തോമസ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ നോട്ടീസുകളെല്ലാം മേൽനടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിമാർക്ക് ഞാൻ അയച്ചു കൊടുക്കുന്നതാണ്.

ശ്രീ. എൻ. കണപതി: സർ' കടന്ത പട്ജറ്റ് കൂട്ടത്തൊടനിൽ പട്ജെറ്റ് പ്രസങ്കം തമിഴിൽ അച്ചടിത്തു എനക്കു കൊടുക്കപ്പട്ടതു. തർപോതു നടന്തു വരും പട്ജെറ്റ് ടിസ്കഷനിൽ അച്ചടിത്ത കാപ്പി ഇതുവരൈയും കിടൈക്കവില്ലൈ. നമ്തു കവർമെൻട് ലട്ചക്കണക്കിൽ രൂപായ്കൾ ചെലവു ചെയ്കിറതു. ഇതർകെന ഒരു ടിരാൻസ്ലേഷൻ ചെക്ഷൻ ഏർപടുത്തിയിരുക്കിറതു. അപ്പടിയിരുന്തുമ്കൂട സമയത്തിൽ പട്ജെറ്റ് പ്രസങ്കം കിടൈക്കവില്ലൈ. അതനാൽ നാൻ മികവും വരുന്തുകിറേൻ. ആകവേ ഇന്ത മൂന്റു നാൾ പട്ജെറ്റ് പറ്റിയ പൊതു വിവാതത്തിൽ എന്നാൽ കലന്തുകൊൾളമുടിയാത വരുന്തത്തക്ക നിലൈമൈ ഏർപട്ടുൾളതു.

ഇതൈ നിനൈത്താൽ തമിഴിൽ പഴമൊഴിയാക ചൊൽവതു പോല കഴുതൈ തേയ്ന്തു കട്ടെറുമ്പാകുമ്കതൈ നാൻ നിനൈവുക്കു വരുകിറതു. ഇങ്കു അതു പോല തമിഴും ഒന്റുമില്ലൈ എന്റു ചൊൽലക്കൂടിയ അളവുക്കു നിലൈമൈ മോചമാകിവിടുമ് എന്റു താൻ നിനൈക്കവേണ്ടിയിരുക്കിറതു. ആകവേ ഉടനേ 1970-71 നിതിമ്ന്തിരിയിൻ പട്ജെറ്റ് പ്രസങ്കത്തൈ ഉടനടിയാക അച്ചടിത്തു തരുമ്പടി കോട്ടുക്കൊൾകിറേൻ.

മി. സ്പീക്കർ: പ്രിൻറു ചെയ്തുകൊടുക്കാം.

III. FINANCIAL BUSINESS

General Discussion of the Budget for the Financial Year 1970-71.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഞാൻ ഈ ബഡ്ജറിനെ എതിർക്കുകയാണ്. സർ, ഇതു കമ്മി ബഡ്ജറാണെന്നുള്ളതുകൊണ്ടല്ല, ഈ ഗവൺമെൻറിന് ഈ ബഡ്ജറു അവതരിപ്പിക്കാൻതന്നെ അവകാശമില്ലെന്നുള്ളതുകൊണ്ടു കൂടിയാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കേരളത്തിലെ ജനത കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഒരു ഐക്യമുന്നണിഭരണത്തിനു വേണ്ടിയാണു വോട്ടു നൽകിയത്. കാൺഗ്രസ്സിനെതിരെയുള്ള വിധിയെഴുത്തായിരുന്നു കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പ്. എന്നാൽ ഇന്നത്തെ ഗവൺമെൻറു കാൺഗ്രസ്സിനെതിരായ ഐക്യമുന്നണി ഗവൺമെൻറാണോ അല്ല. അച്യുത

LIBRARY ARCHIVES Kerala Legislative Assembly